## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2358** **17/08/2017-ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് ചികിത്സാസൗകര്യം ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഇ. കെ. വിജയൻ :** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്ന നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമ പഞ്ചായത്തിൽ പത്തോളം കോളനികളിലായി 1350 ഓളം ആദിവാസികൾക്ക് ചികിത്സാ സൗകര്യം ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിലെ വാണിമേൽ പഞ്ചായത്തിൽ വേണ്ടത്ര സൗകര്യമുള്ള സർക്കാർ ആശുപത്രികളൊന്നും ഇല്ല. ടി പഞ്ചായത്തിലെ ആദിവാസികൾക്ക് മതിയായ ചികിത്സാ സൗകര്യത്തിനായി മറ്റ് പ്രദേശങ്ങളിലേയ്ക്ക് പോകേണ്ടി വരുന്നുണ്ട്. |
| (ബി) | വാണിമേൽ പഞ്ചായത്തിലെ പരപ്പുപാറയിലെ പ്രാഥമികാരോഗ്യ കേന്ദ്രം ട്രൈബൽ ആശുപത്രി ആയി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | വാണിമേൽ, നരിപ്പറ്റ, വളയം ഗ്രാമപഞ്ചായത്തുകളിലെ 1600 ഓളം ആദിവാസി വിഭാഗക്കാർക്ക് പ്രയോജനപ്പെടുന്ന തരത്തിൽ പരപ്പുപാറയിലെ പ്രാഥമിക ആരോഗ്യകേന്ദ്രം ട്രൈബൽ ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ